**പാഠം 11** **സെപ്തംബർ 8–14**

# യെരൂശലേമിലെ അറസ്റ്റ്

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചയിലെ പഠനത്തിന് അ.പ്ര. 21,22; 23:1–30; റോമർ 2:28,29; ഗലാ. 5:6; മത്തായി 22:23–32**

**മനഃപാഠവാക്യം: "രാത്രിയിൽ കർത്താവ് അവന്റെ അടുക്കൽ നിന്ന്; ധൈര്യമായിരിക്ക; നീ എന്നെക്കുറിച്ച് യെരൂശലേമിൽ സാക്ഷീകരിച്ചതു പോലെ റോമയിലും സാക്ഷീകരിക്കേണ്ടതാകുന്നു" (അ.പ്ര. 23:11).**

പൗലൊസിന്റെ ഒന്നാമത്തെ മിഷണറിയാത്ര കഴിഞ്ഞ ഉടൻതന്നെ വ്യക്തമായി ജാതികളെ വിശ്വാസത്തിൽ എങ്ങനെ ചേർക്കും എന്ന കാര്യത്തിൽ അടിസ്ഥാനപരമായ വിയോജിപ്പ് ഉണ്ടായിരുന്നു (അ.പ്ര. 15:1–5). ഒരു പക്ഷേ വളർന്നുവരുന്ന ഭിന്നതയേ മനസ്സിലാക്കിക്കൊണ്ടുതന്നെ സഭയിൽ ഐക്യം വളർത്തുക എന്ന ആശയത്തിന് മനസ്സിൽ രൂപം കൊടുത്തു. ദരിദ്രരായവരെ ഓർത്തുകൊള്ളണം എന്ന് അപ്പൊസ്തലന്മാരുടെയും മൂപ്പന്മാരുടെയും സമിതിയിൽ ആവശ്യപ്പെട്ടതുകൊണ്ട് യെഹൂദ്യയിലുള്ള സഹോദരങ്ങൾക്ക് സാമ്പത്തികമായ സഹായം നൽകുന്നതിൽ ജാതീയസഭകളെകൂടി ക്ഷണിക്കുവാൻ പൗലൊസ് തീരുമാനിച്ചു. "വിശുദ്ധന്മാർക്കുവേണ്ടിയുള്ള ധർമ്മശേഖരം" (1 കൊരി. 16:1). പ്രതീക്ഷിച്ചത് ഒരു പക്ഷേ ഇത് രണ്ടു കൂട്ടരും തമ്മിലുള്ള അകൽച്ച ഇല്ലാതാക്കും എന്നാണ്.

അപകടങ്ങൾ ഉണ്ടായിരുന്നുവെങ്കിലും തന്റെ മൂന്നാമത്തെ യാത്രയുടെ ഒടുവിൽ യെരൂശലേമിൽ പോകണം എന്ന തീരുമാനം ഇതു വിശദമാക്കുന്നു. ഒരു ഭാഗത്ത് അവന്റെ കൂട്ട് യെഹൂദന്മാരോട് അവന് യഥാർത്ഥസ്നേഹമുണ്ടായിരുന്നു (റോമർ 9:11–5). മറുഭാഗത്ത് ഐക്യപ്പെട്ട ഒരു സഭയ്ക്കായി അവൻ ആഗ്രഹിച്ചു (ഗലാ. 3:28; 5:6). കാരണം യെഹൂദനും ജാതിയിൽ നിന്നുള്ളവനും തുല്യമായി രക്ഷിക്കപ്പെട്ടത് വിശ്വാസത്താലാണ് അല്ലാതെ ന്യായപ്രമാണത്തിന്റെ പ്രവർത്തികളാലല്ല (റോമർ 3:28–30). കർമ്മാചാര നിയമങ്ങളുടെ പേരിൽ ഏതെങ്കിലും സമൂഹ്യമായ മാറ്റിനിർത്തൽ, സുവിശേഷത്തിന്റെ അന്തസത്തയ്ക്കു തന്നെ അത് എതിരാണ് (എഫെ. 2:11–22).

പൗലൊസ് താൻ ഒരു പുതിയ ഘട്ടത്തിലേക്ക് പ്രവേശിക്കുമ്പോൾ അവന്റെ ജീവിതത്തെയും ദൗത്യത്തെയും നമുക്ക് അനുധാവനം ചെയ്യാം.

**യെരൂശലേമിലെ നേതാക്കന്മാരുമായിട്ടുള്ള കണ്ടുമുട്ടൽ**

പൗലൊസ് യെരൂശലേമിൽ എത്തിച്ചേർന്നപ്പോൾ വിശ്വാസികളും അവൻ ആരുടെകൂടെ പാർക്കേണമായിരുന്നോ, ആമ്നാസോനും ചേർന്ന് ഊഷ്മളമായ ഒരു സ്വീകരണം നല്കി (അ.പ്ര. 21:16,17).

അ.പ്ര. 21:18–22 ൽ പൗലൊസിന് മോശെയുടെ നിയമങ്ങളിൽ അതീവ സന്തുഷ്ടരായ പ്രാദേശിക യെഹൂദരിൽനിന്ന് ലഭിച്ച ബഹുമാനത്തിൽ യാക്കോബും യെരൂശലേമിലെ മൂപ്പന്മാരും അവരുടെ ആശങ്ക പ്രകടമാക്കി. അവർ അറിയിക്കുന്നത് മറ്റു രാജ്യങ്ങളിൽ താമസിക്കുന്ന യെഹൂദ മാനസാന്തരക്കാരോട് മോശയെ ഉപേക്ഷിക്കുക. അവനോടു പറയുക: "കുട്ടികളെ പരിച്ഛേദന കഴിക്കുകയോ ആ ആചാരം പാലിക്കുകയോ ചെയ്യരുത് എന്ന് അവൻ പറഞ്ഞിരുന്നു എന്നാണ്" (അ.പ്ര. 21:21).

ഇത് തീർച്ചയായും യഥാർത്ഥമായി സത്യമായിരുന്നില്ല. പൗലൊസ് പഠിപ്പിച്ചത് രക്ഷയെ അടിസ്ഥാനപ്പെടുത്തിയാണ്. പരിച്ഛേദനയോ അല്ലെങ്കിൽ അഗ്രചർമ്മമോ ഇതിൽ ഏതായാലും അർത്ഥം ഏതുമില്ല. കാരണം, രണ്ടുകൂട്ടരും യെഹൂദരും ജാതികളും തുല്യമായി തന്നെ വിശ്വാസത്താൽ രക്ഷിക്കപ്പെട്ടവരാണ് (റോമർ 2:28,29; ഗലാ. 5:6; കൊലൊ. 3:11). നിയമവും അതിന്റെ അനുശാസനവും ശ്രദ്ധിക്കേണ്ടതില്ല എന്നത് വ്യത്യസ്തമായി യെഹൂദരെ വ്യക്തമായി പ്രോത്സാഹിപ്പിക്കുന്നതായിരുന്നു. അനുസരണം തീർച്ചയായും അതിൽതന്നെ നിയമാനുസരണത്തിന്റെ പര്യായമല്ല, എങ്കിലും അതങ്ങനെ തന്നെയാണ് എന്ന രീതിയിൽ വളച്ചൊടിക്കാവുന്നതാണ്.

**വായിക്കുക: അ.പ്ര. 21:23–26 എങ്ങനെയാണ് പൗലൊസ് ഇപ്പോഴും വിശ്വസ്തനായ ഒരു യെഹൂദനായിരുന്നു എന്ന് വിശദീകരിക്കുന്നത്?**

രാഷ്ട്രവുമായി ശരിയായിരിക്കാൻ പൗലൊസിനെ ഉപദേശിച്ചു. അവൻ എല്ലാകാര്യങ്ങളിലും യെഹൂദാരീതിയിൽ പ്രവർത്തിക്കുന്നവനാണെന്നുള്ള ഊഹാപോഹങ്ങൾ തെറ്റാണെന്ന് കാണിക്കണം. ചില യെഹൂദാവിശ്വാസികൾക്ക് നാസിർവ്രത വാഗ്ദത്തത്തിന്റെ പ്രായോചകൻ ആയിരിക്കണം. ഒരു യെഹൂദന് അവനെ തന്നെ ദൈവത്തിന് വിശുദ്ധിയോടെ സമർപ്പിക്കുവാനുള്ള പ്രത്യേക വിശ്വാസത്തിന്റെ പ്രവർത്തിയായിരുന്നു ഈ പാവനമായ വാഗ്ദത്തം.

ദൗർഭാഗ്യത്തിന് പൗലൊസ് അതിനു വഴങ്ങി. വേദപുസ്തകത്തിലെ നായകന്മാരായ അബ്രഹാം, മോശെ, പത്രൊസ്, എന്നിവരിൽ കുറവുകൾ കാണുന്നതുപോലെ പൗലൊസ് യെഹൂദന്മാരുമായി ഇടപഴകുമ്പോൾ അവന്റെ തത്വമനുസരിച്ച് അവൻ ഒരു യെഹൂദനെപ്പോലെ തന്നെ പെരുമാറുന്നു എന്ന്

വാദിക്കാം (1 കൊരി. 9:19–23). അല്ലെങ്കിൽ അവൻ തന്നെ എഴുതി അറിയിക്കുന്നത്, നേർച്ചയുടെ കൃത്യമായ രീതി വ്യക്തമല്ലെങ്കിൽ കുറച്ചുനാളുകൾക്കു മുമ്പ് അവന് ഒരു നേർച്ച ഉണ്ടായിരുന്നു എന്നാണ് (അ.പ്ര. 18:18). ഈ പ്രാവശ്യം എങ്ങനെ ആയിരുന്നാലും അത് ഒരു സന്ധി ചെയ്യലായിരുന്നു. നിയമം അനുസരിക്കുക എന്ന ലക്ഷ്യം ആ ശുപാർശയ്ക്ക് പിന്നിലുണ്ട് എന്ന് അവന്റെ അംഗീകാരം അത് എടുത്തു കാണിക്കുന്നു. ആ മനോഭാവത്തിന്റെ സാധ്യമായ ഫലം ഇത് അപ്പൊസ്തലൻ വളരെ ശക്തിയോടെ എതിർക്കാൻ ശ്രമിച്ചതാണ്. അത് രണ്ട് സുവിശേഷങ്ങൾ, ഒന്ന് ജാതികൾക്ക് വിശ്വാസത്താലുള്ള രക്ഷ, മറ്റൊന്ന് യെഹൂദന്മാർക്ക് പ്രവർത്തിയാലുള്ള രക്ഷ. "തനിക്കുള്ളത് അവർ ചോദിക്കുന്നതനുസരിച്ച് കൊടുക്കാൻ ദൈവം പൗലൊസിനെ അധികാരപ്പെടുത്തിയില്ല" Ellen G. White, The Acts of the Apostles, P. 405.

**ഇന്നത്തെ കാലവുമായി ഒത്തുപോകുവാനുള്ള നമ്മുടെ ശ്രമങ്ങൾക്കിടയിൽ ഇതേ തരത്തിലുള്ള തെറ്റുകൾ ചെയ്യാതിരിക്കാൻ എങ്ങനെ ശ്രദ്ധയുള്ളവരായിരിക്കാം?**

**തിങ്കൾ** **സെപ്തംബർ 10**

## കലഹം ദൈവാലയത്തിൽ

സഭാ നേതൃത്വത്തിന്റെ നിർദ്ദേശം സ്വീകരിച്ച പൗലൊസ് ഏഴു ദിവസ ശുദ്ധീകരണ ആചാരം പാലിച്ച് പുരുഷന്മാരുടെ ശുദ്ധീകരണനിയമം പൂർത്തീകരിക്കണമായിരുന്നു (സംഖ്യ. 19:11–13).

അതേ സമയം യെഹൂദാ പാരമ്പര്യം അനുസരിച്ച് ആരെങ്കിലും ജാതികളുടെ ദേശത്തുനിന്നു വരുന്നുവെങ്കിൽ അവർ അശുദ്ധരായിരിക്കും. ദൈവാലയത്തിൽ പ്രവേശിക്കാൻ അവർക്കു കഴിയില്ല. ഇതുകൊണ്ടാണ് പൗലൊസ് പുരോഹിതന്റെ അടുക്കൽപോകുന്നതിനു മുമ്പ് തന്റെ ശുദ്ധീകരണ നടപടിയെ പുരോഹിതന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടത് (അ.പ്ര. 21:26).

**വായിക്കുക: അ.പ്ര. 21:27–36 ഏഴു ദിവസശുദ്ധീകരണ കാലത്തിനൊടുവിൽ പൗലൊസിന് എന്തു സംഭവിച്ചു?**

ആ കലഹത്തിനുശേഷം യെഹൂദമതത്തിലെ ചിഹ്നങ്ങളെ ആക്രമിക്കുന്നു എന്ന കാരണം പറഞ്ഞു പൗലൊസിനെതിരെ ജനത്തെ ഇറക്കിവിട്ടു. പ്രത്യേകിച്ച് ദൈവാലയത്തെ അപമാനിച്ചു എന്ന് ആരോപിച്ച്. കാരണം പൗലൊസിന്റെ സഹയാത്രികരിൽ ഒരാൾ എഫെസൊസിൽനിന്നുള്ള ത്രോഫിമസ് എന്ന ജാതീയനായ ഒരാളായിരുന്നു. അവർ ചിന്തിച്ചത് അപ്പൊസ്തലൻ ജാതീയനായവനെ ദൈവാലയത്തിന്റെ ഉള്ളിൽ യെഹൂദന്മാർക്കു മാത്രം പ്രവേശനമുള്ളിടത്ത് കയറാൻ അനുവദിച്ചു എന്നാണ്. ഈ ആരോപണം

നിയമാനുസൃതമായിരുന്നെങ്കിൽ പൗലൊസ് വളരെ ഗുരുതരമായ ലംഘന ത്തിന് കുറ്റക്കാരനാകുമായിരുന്നു. ഉൾവശത്തെ തളത്തെ പുറത്തെ തളവു മായി വേർതിരിക്കുന്ന ഭിത്തികളിൽ ഉടനീളം ജാതികളായ സന്ദർശകർക്കായി ലാറ്റിൻ ഗ്രീക്കുഭാഷകളിൽ ചിഹ്നങ്ങളും ആ സ്ഥാനത്തിനപ്പുറത്തേക്ക് പ്രവേ ശനം ഇല്ലെന്നും അതല്ലെങ്കിൽ അതുമൂലം ഉണ്ടാകുന്ന മരണത്തിന് വ്യക്തി പരമായി അവർ ഉത്തരവാദികളായിരിക്കുമെന്നും മുന്നറിയിപ്പ് ഉണ്ടായിരുന്നു.

"യെഹൂദാ നിയമപ്രകാരം അഗ്രചർമ്മിയായ വ്യക്തി വിശുദ്ധമന്ദിരത്തിന്റെ ഉള്ളിൽ പ്രവേശിക്കുന്നത് മരണയോഗ്യമായ കുറ്റമായിരുന്നു. എഫസൊസു കാരനായ ത്രോഫിമസിനോടൊപ്പം പൗലൊസിനെയും പട്ടണത്തിൽ കണ്ടി രുന്നു. ഊഹിച്ചത് അവനേയും ദൈവാലയത്തിനുള്ളിൽ കൊണ്ടുവന്നു. ഇത് അവൻ ചെയ്തിട്ടുണ്ടായിരുന്നില്ല. ഒരു യെഹൂദൻ ആയിരിക്കെ ദൈവാലയ ത്തിൽ പ്രവേശിക്കുക എന്ന പ്രവർത്തി നിയമ ലംഘനമല്ലായിരുന്നു. എന്നാൽ ആരോപണം മുഴുവനായും തെറ്റായിരുന്നെങ്കിലും വ്യാപകമായ മുൻവിധി യുടെ അനുഭവമുണ്ടാക്കുവാൻ ഇത് ഉപകരിച്ചു. വലിയ ഒച്ചപ്പാട് ആലയ ത്തിന്റെ പ്രാകാരങ്ങളിൽ കേട്ടു. തിങ്ങിനിറഞ്ഞ ജനകൂട്ടം വന്യമായ ആകാം ഷയിലായി." Ellen G. White, The Acts of the Apostles, P. 407.

കലഹത്തെക്കുറിച്ചുള്ള വാർത്ത ഒരു റോമാ കോട്ടയിൽ എത്തിയപ്പോൾ റോമാ സഹസ്രാധിപൻ ക്ലൗദ്യോസ് ലുസിയാസ് സൈന്യവുമായി വന്ന് ജന കൂട്ടം പൗലൊസിനെ കൊല്ലുന്നതിനുമുമ്പ് അവനെ രക്ഷിച്ചു.

ആക്രമണത്തിന്റെ ലക്ഷ്യമായി പൗലൊസിനെ അറസ്റ്റ് ചെയ്തു എന്താണ് അവിടെ സംഭവിക്കുന്നത് എന്നു സഹസ്രാധിപൻ ചോദിക്കുന്ന സമയത്തി നുള്ളിൽ പൗലൊസിനെ ചങ്ങലകളാൽ ബന്ധിച്ചു. സകല നിയന്ത്രണങ്ങളും നഷ്ടപ്പെട്ട ജനക്കൂട്ടത്തിന്റെ ആർപ്പു വിളിയിൽ പൗലൊസിനെ കോട്ടയി ലേക്ക് കൊണ്ടുപോകാൻ സഹസ്രാധിപൻ കല്പന കൊടുത്തു.

**ഊഹാപോഹങ്ങൾ കലഹത്തിന് ആരംഭം കുറിക്കാൻ സഹായിച്ചു. തെറ്റായ ഈ തരത്തിലുള്ള ഊഹാപോഹങ്ങൾ നാം കേൾക്കുമ്പോൾ അല്ലെങ്കിൽ ഇതിലും മോശമായവ പ്രചരിപ്പിക്കുമ്പോൾ എന്തുകൊണ്ട് നാം വളരെ ശ്രദ്ധയുള്ളവരായിരിക്കണം?**

**ചൊവ്വ** **സെപ്തംബർ 11**

**ജനക്കൂട്ടത്തിനു മുമ്പിൽ**

അ.പ്ര. 21:37-40 അടുത്തതായി എന്തു സംഭവിച്ചു എന്നു പറയുന്നു. പൗലൊ സിനെ ചോദ്യം ചെയ്യലിനായി റോമൻ കോട്ടയിലേക്ക് കൊണ്ടുവന്നപ്പോൾ ജനത്തോടു സംസാരിക്കാൻ അനുവദിക്കണമെന്നു പൗലൊസ് സഹസ്രാ

ധിപനോട് ആവശ്യപ്പെട്ടു. അവർ അപ്പോഴും പൗലൊസിന്റെ മരണത്തിനായി ഉന്മാദത്തോടെ ആക്രോശിക്കുകയായിരുന്നു.

പൗലൊസ് സഹസ്രാധിപനോട് ഗ്രീക്കുഭാഷയിൽ സംസാരിച്ചപ്പോൾ സഹസ്രാധിപൻ ചിന്തിച്ചത് ഏതാണ്ട് മൂന്നു വർഷങ്ങൾക്കു മുമ്പ് യെരൂശലേമിൽ താമസിച്ചിരുന്ന റോമാ പൗരന്മാർക്ക് എതിരായി ഒരു ലഹളയ്ക്ക് മുൻകൈ എടുത്ത മിസ്രയീമിൽ നിന്നുള്ള യെഹൂദനായിരിക്കുമെന്നാണ്. ലഹള റോമൻ സൈന്യത്താൽ അടിച്ചമർത്തപ്പെട്ടു. അവന്റെ അനുയായികൾ കൊല്ലപ്പെടുകയോ അല്ലെങ്കിൽ അറസ്റ്റ് ചെയ്യപ്പെടുകയോ ചെയ്ത സമയം മിസ്രയീമ്യൻ രക്ഷപ്പെട്ടു.

അവൻ മിസ്രയീമിൽനിന്നല്ല തർസൊസിൽ നിന്നാണെന്നു പറഞ്ഞുകഴിഞ്ഞപ്പോൾ സംസാരിക്കാനുള്ള അനുവാദം പൗലൊസിനു ലഭിച്ചു. അവന്റെ സംസാരത്തിൽ അവനെതിരേ ഉയർത്തിയ ആരോപണങ്ങൾക്ക് വിശദമായ പ്രതികരണം നൽകിയില്ല (അ.പ്ര. 21:28). എന്നാൽ അവന്റെ മാനസാന്തരത്തിന്റെ കഥ പറഞ്ഞു. യെഹൂദാമതത്തോടുള്ള തന്റെ ആരാധനയെ അവൻ പ്രത്യേകമായി എടുത്തു പറഞ്ഞു. യേശുവിൽ വിശ്വസിച്ചിരുന്നവരെ പീഡിപ്പിച്ചിരുന്ന ആ സ്ഥാനത്ത് ദൈവത്തിൽ നിന്ന് അനേക വെളിപ്പാടുകൾ മുഖാമുഖം നേരിട്ടപ്പോൾ അവയെ അനുഗമിക്കുകയല്ലാതെ മറ്റ് തിരഞ്ഞെടുപ്പുകൾ ഒന്നുമില്ലായിരുന്നു. അവന്റെ ജീവിതം പൂർണ്ണമായി മാറിമറിഞ്ഞതും ജാതികളോട് പ്രസംഗിക്കാനുള്ള വിളിയും അവൻ വിശദീകരിച്ചു. വേദശാസ്ത്രപരമായ ഒരു ചർച്ചയിൽ ഏർപ്പെടുന്നതിൽ ഉപരിയായി പൗലൊസ് സ്വന്ത അനുഭവങ്ങളെ ഓർക്കയും അവൻ ചെയ്യുന്നത് എന്തുകൊണ്ട് ചെയ്യുന്നു എന്ന് വ്യക്തമാക്കുകയും ചെയ്യുന്നു.

**വായിക്കുക: അ.പ്ര. 22:22–29 താൻ ജാതികളുടെ അപ്പൊസ്തലനാണെന്ന് പൗലൊസ് പ്രസ്താവിച്ചപ്പോൾ എങ്ങനെയാണ് ജനകൂട്ടം പ്രതികരിച്ചത്?**

പൗലൊസിന് സംസാരിക്കാൻ അനുവാദം ലഭിച്ചതും വേണ്ടരീതിയിൽ ഉപയോഗിച്ചില്ല. ജാതികളോട് അവനുള്ള പ്രതിബദ്ധത പരാമർശിക്കുന്നതിലൂടെ അവനെതിരേയുള്ള ആരോപണങ്ങളിലെ സത്യം ഉറപ്പ് വരുത്തുകയാണെന്നു തോന്നിയ ജനം രോഷമുള്ളവരായി (അ.പ്ര. 21:28).

റോമ സഹസ്രാധിപന് എല്ലാം മനസ്സിലായിട്ടുണ്ടാവില്ല, പൗലൊസ് പറഞ്ഞു. അതുകൊണ്ട് ചാട്ടവാറടിയാൽ അവനെ പരീക്ഷിക്കുവാൻ തീരുമാനിച്ചു. കലർപ്പില്ലാത്ത രക്തമുള്ള ഒരു യെഹൂദൻ ആയിരിക്കേ പൗലൊസ് റോമാ പൗരത്വം ഉള്ളവനും ആയിരുന്നു എന്ന് (ഫിലി. 3:5) പൗലൊസ് ഓർമ്മപ്പെടുത്തിയപ്പോൾ സഹസ്രാധിപൻ പിൻവാങ്ങി. ഒരു റോമാപൗരൻ എന്ന നിലയിൽ പൗലൊസിനെ ആ തരത്തിലുള്ള പീഡനത്തിന് വിധേയനാക്കാൻ കഴിയില്ലായിരുന്നു.

**വായിക്കുക: പൗലൊസിന്റെ പ്രസംഗം (അ.പ്ര. 22:1–21). പൗലൊസ് അവനെ തന്നെ പ്രതിരോധിക്കുന്നതിലുപരിയായി തന്റെ കൂടെയുള്ള യെഹൂദന്മാരോട് പ്രസംഗിക്കുയായിരുന്നു എന്നതിന് എന്തു തെളിവാണ് നിങ്ങൾ കാണുന്നത്? എന്തുകൊണ്ട് അവന്റെ മാനസാന്തരത്തിന്റെ അനുഭവം പറയണം? മാനസാന്തരത്തിന്റെ അനുഭവങ്ങളെക്കുറിച്ച് എന്ത് അധികമായ ശക്തിയാണ് ഉള്ളത്?**

**ബുധൻ** **സെപ്തംബർ 12**

### ന്യായാധിപസംഘത്തിന് മുമ്പിൽ

പൗലൊസ് അത്തരത്തിൽ സാമ്രാജ്യത്തിന് ഭീഷണിയായി ഒന്നും ചെയ്തിട്ടില്ല. ഇവിടെ വിഷയം യെഹൂദന്മാരുടെ ഇടയിലുള്ള തർക്കമാണെന്ന് റോമൻ സഹസ്രാധിപൻ തിരിച്ചറിഞ്ഞപ്പോൾ ഈ വിഷയം ഏറ്റെടുക്കാൻ അവൻ ന്യായാധിപസംഘത്തോട് ആവശ്യപ്പെട്ടു (അ.പ്ര. 22:30; 23:29).

**വായിക്കുക: അ.പ്ര. 23:1–5 ന്യായാധിപസംഘത്തിന് മുമ്പാകെ പൗലൊസ് എങ്ങനെയാണ് തന്റെ എതിർവാദം തുടങ്ങിയത്?**

പൗലൊസിന്റെ ആമുഖ പ്രസ്താവനയേ എതിരേറ്റത് വായ്ക്ക് അടിയോടെയായിരുന്നു. ഒരു പക്ഷേ തടവുകാരൻ എന്ന നിലയിൽ ദൈവത്തെ പരാമർശിച്ചത് ദൈവനിന്ദയായി തോന്നി. അവന്റെ പെട്ടെന്നുള്ള പ്രതികരണം ആ മനോഭാവത്തെക്കുറിച്ച് ഭാഗികമായി നമുക്ക് അറിയാൻ കഴിയും. മഹാപുരോഹിതനെ "വെള്ള തേച്ച ചുവരെ" (അ.പ്ര. 23:3) എന്നു വിളിച്ചതിനാൽ മത്താ. 23:27 ൽ യേശു പരീശന്മാരുടെ കപടതയെക്കുറിച്ച് കുറ്റം വിധിച്ച അതേ സംസാരമാണ് ഇവിടെയും പ്രതിധ്വനിക്കുന്നത്. എന്നിട്ടും പൗലൊസ് യഥാർത്ഥമായി അറിഞ്ഞിരുന്നില്ല അവൻ മഹാപുരോഹിതനോടാണ് സംസാരിക്കുന്നത് എന്ന്. പൗലൊസിന് കാഴ്ചയ്ക്ക് പ്രശ്നമുണ്ടായിരുന്നു എന്നത് പൂർണ്ണമായും നമുക്ക് തള്ളിക്കളയാൻ കഴിയില്ല.

**വായിക്കുക: അ.പ്ര. 23:6–10 പൗലൊസ് എപ്രകാരമാണ് ബുദ്ധിപരമായി ആ നടപടിക്രമങ്ങളെ തടസ്സപ്പെടുത്താൻ ശ്രമിച്ചത്?**

ന്യായധിപസംഘത്തിൽ രണ്ട് കൂട്ടർ, സദൂക്യരും പരീശന്മാരും ഉൾപ്പെട്ടതായിരുന്നു. അവരുടെ തത്വങ്ങൾ ഒന്നായിരുന്നെങ്കിലും പല വിഷയങ്ങളിലും അവർ പരസ്പരം എതിർത്തിരുന്നു. ഉദാഹരണത്തിന് സദൂക്യരുടെ തിരുവചനചട്ടങ്ങൾ മോശെയുടെ ആദ്യത്തെ അഞ്ചു പുസ്തകങ്ങൾ ഉൾപ്പെടുന്നതാണ്. മരിച്ചവരുടെ ഉയിർപ്പിൽ വിശ്വസിച്ചിരുന്നില്ല (മത്തായി 22:23–32).

പൗലൊസിന്റെ പ്രസ്താവന (അ.പ്ര. 23:6) ന്യായാധിപസംഘത്തിന്റെ ശ്രദ്ധ തിരിക്കുവാൻ ബുദ്ധിപരമായ ഒരു തന്ത്രത്തേക്കാൾ കൂടുതലായിരുന്നു.

പൗലൊസിന്റെ സംസാരത്തിന്റെ അടിസ്ഥാനവും അപ്പൊസ്തല ശുശ്രൂഷയും ഉയിർത്തെഴുന്നേറ്റ യേശുവുമായി ദമസ്കൊസിന്റെ വീഥിയിൽ വച്ചുള്ള ഏറ്റു മുട്ടൽ മുതൽ ആരംഭിച്ചതിനാൽ അവന്റെ വിശ്വാസം വിധിക്കപ്പെടാതിരിക്കു ന്നതും ഉയിർപ്പിലുള്ള വിശ്വാസത്തിലാണ് (അ.പ്ര. 24:20,21; 26:6-8). പൗലൊ സിന്റെ പഴയ ലക്ഷ്യത്തിൽനിന്ന് അവൻ എങ്ങനെ മാറ്റമുള്ളവനായി. അവൻ ഇപ്പോൾ എന്തായിരിക്കുന്നു എന്ന് വിശദീകരിക്കുവാൻ മറ്റൊന്നിനും കഴി യില്ല. യേശു മരിച്ചവരിൽനിന്ന് ഉയിർത്തില്ലായിരുന്നുവെങ്കിൽ പൗലൊസിന്റെ ശുശ്രൂഷ അർത്ഥമില്ലാത്തതാകുമായിരുന്നു എന്നും അവൻ അറിഞ്ഞിരുന്നു (1 കൊരി. 15:14-17).

ആ രാത്രിയിൽ പൗലൊസ് കോട്ടയിൽ ആയിരുന്നപ്പോൾ ദൈവം ഈ പ്രോത്സാഹന വചനങ്ങളാൽ അവന് പ്രത്യക്ഷമായി. "ധൈര്യമായിരിക്കുക നീ എന്നേക്കുറിച്ച് യെരൂശലേമിൽ സാക്ഷീകരിച്ചതുപോലെ റോമയിലും സാക്ഷീകരിക്കേണ്ടതാകുന്നു" (അ.പ്ര. 23:11). ആ ചുറ്റുപാടിൽ ഇത്തരത്തി ലുള്ള വാഗ്ദത്തം ഒരു പക്ഷേ പ്രത്യേകമായി പൗലൊസിന് വളരെ അർത്ഥ പൂർണ്ണമായിരുന്നിരിക്കാം. റോമിൽ പ്രസംഗിക്കുക എന്ന തന്റെ ചിരകാല ആഗ്രഹം സാധ്യമാകുന്നു.

**വ്യാഴം** **സെപ്തംബർ 13**

**കൈസര്യയിലേക്ക് മാറുന്നു**

നിയമപരമായി പൗലൊസിനെ ഒഴിവാക്കികിട്ടുവാൻ കഴിയാത്ത വസ്തുത മനസ്സിലാക്കിയ ഒരു കൂട്ടം ആളുകൾ അതിന് യോജിച്ച ഒരു സാഹചര്യം ഒരുക്കി. അപ്രതീക്ഷിതമായി അവർ തന്നെ പൗലൊസിനെ കൊല്ലുവാൻ തീരുമാനിച്ചു.

**വായിക്കുക: അ.പ്ര. 23:12-17 അവരുടെ പദ്ധതി എന്തായിരുന്നു? അത് എങ്ങനെയാണ് തടയപ്പെട്ടത്? വളരെ താല്പര്യമുള്ള ആളുകളും തെറ്റായ കാര്യങ്ങൾക്ക് കാരണമാകാൻ കഴിയും എന്ന് ഇതു നമ്മെ എന്തു പഠിപ്പി ക്കുന്നു?**

നാല്പതിൽ കൂടുതൽ യെഹൂദന്മാർ ഒന്നിച്ച് പൗലൊസിനെതിരെ ഗൂഢാ ലോചന നടത്തി അവർ ഒരുമിച്ച് നിൽക്കാമെന്ന് പ്രതിജ്ഞയെടുത്തു. അപ്പൊ സ്തലൻ എത്രമാത്രം വെറുപ്പ് യെരൂശലേമിൽ ജനിപ്പിച്ചു എന്ന് ഇതു വെളി പ്പെടുത്തുന്നു. ഇവരെ തിരിച്ചറിയാനുള്ള ഒന്നും ലൂക്കൊസ് നൽകുന്നില്ല. എന്നാൽ യെഹൂദാവിശ്വാസത്തെ ശത്രുക്കളുടെയും ചാരന്മാരുടെയും കയ്യിൽനിന്ന് രക്ഷിക്കുവാനും വിശ്വാസത്തെ സംരക്ഷിക്കുവാൻ എന്തു പ്രവർത്തിക്കാനും ഒരുക്കമുള്ള തീവ്രവാദികളായിരുന്നു അവർ. ആ നിലയി

ലുള്ള മതതീവ്രവാദം ശക്തമായ വിപ്ലവ, ദേശീയ ചിന്തകളുമായി ഒരുമിച്ചു ചേരുന്നത് യെഹൂദ്യയിലും ചുറ്റുപാടുകളിലും ഒന്നാം നൂറ്റാണ്ടിൽ അസാധാരണമായ ഒന്നായിരുന്നില്ല.

ചില അനുകൂലമായ വഴിയിൽ ഗൂഢാലോചനയെക്കുറിച്ചുള്ള വാർത്ത പൗലൊസിന്റെ പെങ്ങളുടെ മകന്റെ കാതിൽ എത്തി. പൗലൊസിന്റെ കുടുംബത്തെ സംബന്ധിച്ച് ഏകദേശം നമുക്ക് ഒന്നും അറിയില്ല എന്നത് എന്തായാലും നിരാശാജനകമായ കാര്യമാണ്. എന്നാൽ നാം സംശയിക്കുന്നത് പൗലൊസും തന്റെ സഹോദരിയും യെരൂശലേമിലേക്ക് കൊണ്ടുവരപ്പെട്ടു (അ.പ്ര. 22:3). അവിടെ അവൾ വിവാഹം കഴിച്ചു ഒരു മകൻ ഉണ്ടായിരുന്നു (അ.പ്ര. 22:3). പൗലൊസിന്റെ പെങ്ങളുടെ മകൻ ചെറിയ ഒരു വ്യക്തിയായിരുന്നു (neaniskos) (അ.പ്ര. 23:18,22). അതിന്റെ കാര്യം!! കൈയ്ക്ക് പിടിച്ചു എടുക്കപ്പെട്ടു അതിനുള്ള സാധ്യത അവൻ ഈ സമയത്ത് പതിമൂന്നിനും പത്തൊമ്പതു വയസ്സിനുമിടയിലുള്ള ഒരു വ്യക്തി കോട്ടയിൽ അവനെ സന്ദർശിക്കാനും അവനോട് വിവരങ്ങൾ പറയാനും മാത്രം കഴിവുണ്ടായിരുന്ന ഒരാൾ.

**വായിക്കുക: അ.പ്ര. 23:26–30 പൗലൊസിനെക്കുറിച്ച് എന്ത് ദൂതാണ് സഹസ്രാധിപൻ ലൂസിയാസ് ഗവർണ്ണർ ഫെലിക്സിന് അയച്ചത്?**

ആ സാഹചര്യത്തെക്കുറിച്ച് അനുയോജ്യമായ ഒരു അറിയിപ്പാണ് ഫെലിക്സിന് കത്തിനോടൊപ്പം ലഭിച്ചത്. അതുകൂടാതെ തന്റെ റോമാപൗരത്വം പൗലോസിന് എങ്ങനെ പ്രയോജനപ്പെട്ടു എന്ന് ഇതു കാണിക്കുന്നു. റോമാ നിയമം അതിന്റെ പൗരന്മാരെ, അവകാശമുണ്ടായിരുന്നവരെ പൂർണ്ണമായി സംരക്ഷിക്കുന്നു. ഉദാഹരണത്തിന് ഒരു നിയമപരമായ വിചാരണയ്ക്ക് അവർക്ക് കോടതിയിൽ ഹാജരായി അവർക്കുവേണ്ടി വാദിക്കാം. ഏതെങ്കിലും തരത്തിൽ ശരിയല്ലാത്തവിധത്തിലാണ് വിചാരണ നടന്നതെങ്കിൽ സാമ്രാജ്യാധിപന് അപേക്ഷ നൽകാൻ അവർക്ക് അവകാശമുണ്ട് (അ.പ്ര. 25:10,11).

ഫെലിക്സിന് സമൂഹത്തിലുള്ള ബഹുമാനം നോക്കാതെ നിയമാനുസൃതമായി നല്ലവിധത്തിൽ പൗലൊസിനോട് ഇടപെട്ടു. പ്രാഥമികമായ അന്വേഷണത്തിനുശേഷം കുറ്റം ആരോപിച്ചവർ എത്തിച്ചേരുന്നതുവരെ കാവൽക്കാരുടെ മേൽനോട്ടത്തിൽ സൂക്ഷിക്കുവാൻ കല്പന പുറപ്പെടുവിച്ചു.

**പൗലൊസിന്റെ ജീവിതത്തിൽ ദൈവത്തിന്റെ കരുതലിനെപ്പറ്റി ചിന്തിക്കുക. പരീക്ഷണങ്ങളിലൂടെയും കഷ്ടതയിലൂടെയും നിങ്ങൾ കടന്നുപോയിട്ടുണ്ടായിരിക്കാം. എങ്കിലും എത്രതവണ നിങ്ങളുടെ സ്വന്ത ജീവിതത്തിൽ ദൈവത്തിന്റെ കരുതലിനെ വിനയത്തോടെ നിങ്ങൾ സ്വീകരിച്ചിട്ടുണ്ട്?**

**കൂടുതൽ ചിന്തയ്ക്ക്**

“ഈ അവസരത്തിൽ പൗലൊസും കൂട്ടുപ്രവർത്തകരും ജാതികൾ അവരുടെ സഭകളിൽനിന്ന് തങ്ങളുടെ ഇടയിലുള്ള പാവങ്ങളായ യെഹൂദാ സഹോദരങ്ങൾക്കായി നൽകിയ സംഭാവന ഔദ്യോഗികമായി യെരൂശലേമിൽ പ്രവർത്തനങ്ങളിലായിരുന്ന നേതൃത്വങ്ങളെ ഏല്പിച്ചു...”

“ഈ സ്വമനസ്സാലെയുള്ള സംഭാവന ലോകത്തെങ്ങുമുള്ള സംഘടിതമായ ദൈവികപ്രവർത്തനങ്ങൾക്ക്, മാനസാന്തരപ്പെട്ട ജാതികളുടെ വിശ്വസ്തതയുടെ അടയാളമായി നന്ദിയോടെ അവ സ്വീകരിക്കപ്പെടുകയും ചെയ്തു. എന്നിട്ടും പൗലൊസും കൂട്ടുപ്രവർത്തകർക്കും അവരുടെ ഇടയിൽ തന്നെയുണ്ടായിരുന്ന ചില ആളുകൾക്കും ഇത് അത്യാവശ്യമായതാണെന്നോ സഹോദരസ്നേഹത്തിന്റെ ആത്മാവാൽ നൽകപ്പെടുന്ന ഈ സമ്മാനങ്ങളെ അഭിനന്ദിക്കുവാൻ കഴിഞ്ഞില്ല” Ellen G. White, The Acts of the Apostles, PP. 399,400.

“സഭയിലെ നേതാക്കന്മാർ അപ്പൊസ്തലനെതിരെയുള്ള എല്ലാ കയ്പായ വിചാരങ്ങളെയും പൂർണ്ണമായി സമർപ്പിച്ച്, ജാതികൾക്കുവേണ്ടി സുവിശേഷം വഹിക്കാനും അവർക്കുവേണ്ടി അധികമായും ദൈവം കരുതിയതാണെന്ന വിശ്വാസത്തിൽ അവനെ സ്വീകരിച്ചു. പൗലൊസിന്റെ ജോലികൾ പെട്ടെന്ന് അവസാനിക്കുന്നതിനാൽ ദൈവം അവനെ അതിനായി അഭിഷേകം ചെയ്തിരുന്നില്ല. എന്നാൽ യെരൂശലേം ദൈവാലയത്തിൽ ദൈവാലയ നേതൃത്വത്തിന്റെ പ്രത്യേകവഴിയിലുള്ള പ്രവർത്തന പുരോഗതിയെ പ്രതിരോധിക്കാൻ അവൻ ഒരു വീര്യപ്രവർത്തിയും ചെയ്തില്ല.

അതേ ആത്മാവ് തന്നെ അതേ ഫലങ്ങളിലേക്ക് ഇപ്പോഴും നയിച്ചുകൊണ്ടിരിക്കുന്നു. സ്വർഗ്ഗീയ കൃപകളുടെ ദാനം വർദ്ധിപ്പിക്കുവാനും അതിനെ പൂർണ്ണമായി മനസ്സിലാക്കുന്നത് അവഗണിച്ചതും സഭയുടെ അനേക അനുഗ്രഹങ്ങൾ നഷ്ടമാക്കി. ചില വിശ്വസ്തരായ ശുശ്രൂഷകളെ മനസ്സിലാക്കാനായിട്ട് എത്ര അവസരങ്ങൾ പലപ്പോഴായി ദൈവം അവരുടെ പ്രവർത്തനങ്ങളെ ദീർഘമാക്കി കൊടുക്കും. മനസ്സിലാക്കുന്ന കാര്യങ്ങളെ വഴിതെറ്റിക്കാൻ സഭ ആത്മാക്കളുടെ ശത്രുവിനെ അനുവദിക്കുന്നു എങ്കിൽ ക്രിസ്തുവിന്റെ വേലക്കാരുടെ വാക്കുകളെയും പ്രവർത്തികളെയും അവർ തെറ്റായി പ്രതിനിധീകരിക്കുകയും തെറ്റായി വ്യാഖ്യാനിക്കുകയും ചെയ്യും. അവന്റെ വഴിയിൽ നിന്ന് അവനെ ഉപയോഗിക്കാനുള്ള കഴിവിന് തടസ്സമുണ്ടാക്കുവാൻ അവർ അവരെത്തന്നെ അനുവദിക്കുന്നുവെങ്കിൽ അനുഗ്രഹങ്ങൾ അവനിൽനിന്നു നീക്കികളയുന്നു....

“സ്പന്ദനമില്ലാത്ത നെഞ്ചിനു മുകളിൽ കൈകൾ കൂപ്പിയതിനു ശേഷം മുന്നറിയിപ്പിന്റെയും പ്രോത്സാഹനത്തിന്റെയും ശബ്ദം നിശ്ശബ്ദമാകുമ്പോൾ ഒരു വിട്ടുവീഴ്ചയ്ക്കും വഴങ്ങാത്തവർ, അവരിൽനിന്ന് തട്ടിത്തെറിപ്പിച്ച അനുഗ്രഹത്തിന്റെ നേട്ടം കാണുവാൻ വളരെ ഉദ്വേഗമുള്ളവരായിരിക്കാം. അവരുടെ ജീവിതത്തിൽ ചെയ്യുവാൻ പരാജയപ്പെട്ടത് അവരുടെ മരണം പൂർത്തീകരിച്ചേക്കാം” - പേജ് 417,418.

**ചർച്ച ചെയ്യുക:**

1. യെരുശലേമിലേക്ക് യാത്ര ചെയ്യുന്നതിലൂടെ തനിക്ക് സ്വാഗതം ലഭിക്കുകയില്ലെന്ന് അറിയാമായിരുന്നെങ്കിലും പൗലൊസ് തന്റെ വ്യക്തിപരമായ താല്പര്യങ്ങളെക്കാൾ ഉപരിയായി, സഭയുടെ താല്പര്യങ്ങളെ കണ്ടു. എത്രമാത്രം നാം ഈ മാതൃക പിൻതുടരണം?
2. യെരൂശലേമിൽ പൗലൊസിന്റെ അനുരഞ്ജനത്തിൽനിന്ന് നമുക്ക് എന്തു പഠിക്കാൻ കഴിയും? നാം ജീവിക്കുന്ന തത്വങ്ങൾ അടിയറ വയ്ക്കാതെ രാഷ്ട്രീയമായി എപ്രകാരം ശരിയായിരിക്കാം. അല്ലെങ്കിൽ നമുക്ക് അതു കഴിയുമോ?
3. സഭയുടെ ഐക്യം എപ്പോഴും വളരെ പ്രധാനപ്പെട്ടതാണ്. ഒന്നിച്ച് പ്രവർത്തിക്കാൻ നമുക്ക് എങ്ങനെ പഠിക്കാം. വ്യത്യസ്തമായ കാഴ്ചപ്പാടുകളുള്ളവരാണെങ്കിലും നമുക്ക് എങ്ങനെ ഏകീകരിക്കപ്പെട്ടവരായിരിക്കാം?

✪ ✪ ✪ ✪